# കേരള സർക്കാർ

സംഗ്രഹം

ഔദ്യോഗിക ഭാഷ മലയാളമാക്കൽ—കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ എഴുത്ത് പരീക്ഷകളിലും ഒരു പേപ്പർ നിർബന്ധമായും മലയാളത്തിലാക്കുന്നത് സംബന്ധിച്ച് ഉത്തരവ്—പുറപ്പെടുവിക്കുന്നു

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

**സ. ഉ. (അച്ചടിച്ചത്) നമ്പർ 5/2000/ഉ.ഭ.പ.വ. തിരുവനന്തപുരം, 2000 ഫെബ്രുവരി 7.**

## ഉത്തരവ്

ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഇതിലേക്കായി സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മലയാളം ഔദ്യോഗിക ഭാഷയായി അംഗീകരിച്ച് ഭരണപരമായ കാര്യങ്ങൾ നടത്തുന്ന സർക്കാർ ആഫീസുകളിൽ നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾക്കുവേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ഇംഗ്ലീഷിൽ എഴുത്തു പരീക്ഷ നടത്തുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഇംഗ്ലീഷിലുള്ള പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പിന്നീട് മലയാളം പ്രയോഗിക്കുന്നതിന് പരിശീലനം നൽകുകയാണ് ചെയ്യുന്നത്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ എഴുത്ത് പരീക്ഷകൾക്കും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഒരു പേപ്പർ മലയാളത്തിൽ തന്നെ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. മോഹൻ കുമാർ,
*ചീഫ് സെക്രട്ടറി.*